
بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ




12 **മതസംവാദങ്ങൾ ശരിയും തെറ്റും**
എം.എം അക്ബർ

18 **സംവാദങ്ങൾ സർഗാത്മകമാവുമ്പോൾ**
ശൈഖ് മുഹമ്മദ് കാരകുന്ന്





6
**സമഭാവനയുടെ തണൽമരം**
ടി. ആരിഫലി

7
**സൗമ്യം, ദീപ്തം, പക്വം**
പ്രഫ. കെ.എ സിദ്ദീഖ് ഹസൻ

9
**മുസ്‌ലിം ലീഗ് മുഹമ്മദലി ശിഹാബ് തങ്ങൾക്കു ശേഷം**
ഒ. അബ്ദുർറഹ്മാൻ

- വിശകലനം
**ഇന്തോനേഷ്യൻ തെരഞ്ഞെടുപ്പും ഇസ്‌ലാമിസ്റ്റുകളും / 23**
വി.വി ശരീഫ് സിംഗപ്പൂർ

- ലേഖനം
**സ്വവർഗരതി ഒരു രോഗാവസ്ഥ / 31**
വി.എ മുഹമ്മദ് അശ്റഫ്

- സഹയാത്രികർ / 39
**അബൂഫിദൽ**

- സംവാദം
**ഇസ്‌ലാമിക ബഹുസ്വരത/ 35**
ഖാലിദ് മൂസാ നദ്‌വി

- മാറ്റൊലി
**'യശോധാവല്യം' ചൂടി ഉമർ / 50**
ഇഹ്സാൻ

4 കത്തുകൾ
25 ഖുർആൻ ബോധനം
28 ചോദ്യോത്തരം
43 സർഗവേദി
44 അനുസ്മരണം
45 റിപ്പോർട്ട്
46 വാർത്തകൾ
49 വഴിവെളിച്ചം



FAROOK COLLEGE LIBRARY CALICUT Date



ചീഫ് എഡിറ്റർ: കെ.എ സിദ്ദീഖ് ഹസൻ
എഡിറ്റർ: ടി.കെ ഉബൈദ്

സിൽവർ ഹിൽസ്, കോഴിക്കോട് - 673012
എഡിറ്റോറിയൽ: 2730099
e:mail: prabodhanam@satyam.net.in
മാനേജർ: 2730073
e:mail: mangrprbnm@bsnl.in
സർക്കുലേഷൻ: 2730744 ഫാക്സ്: 0495-2731342

വാല്യം 66/ ലക്കം 11

# പ്രബോധനം

1430 ശഅ്ബാൻ 24 / 2009 ആഗസ്റ്റ് 15

www.prabodhanam.net    www.jihkerala.org

പ്രഫ. കെ.എ സിദ്ദീഖ് ഹസൻ
**ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ഉപാധ്യക്ഷൻ**



# സൗമ്യം, ദീപ്തം, പക്വം

ജനപഥങ്ങളുടെ ഉത്ഥാനപതനങ്ങളിൽ മുഖ്യപങ്ക് നേതൃത്വത്തിനാണ്. യഥാ രാജാ തഥാ പ്രജാ എന്നാണല്ലോ. മനുഷ്യചരിത്രത്തിലെ നിമ്നോന്നതികളുടെ കഥ അതാണ് വിളിച്ചറിയിക്കുന്നത്. നേതൃത്വം അർഹമായ കൈകളിലാവുമ്പോൾ ആ സമൂഹം പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് മുന്നേറും; അനർഹമായ കൈകളിലാവുമ്പോൾ തകർച്ചയിൽനിന്നും തകർച്ചയിലേക്കും.

ലക്ഷണമൊത്ത നേതൃത്വത്തിന്റെ ഗുണങ്ങളായി സാമൂഹിക ശാസ്ത്രജ്ഞർ എണ്ണുന്ന പല കാര്യങ്ങളുമുണ്ട്. സാമാന്യ ജനങ്ങൾക്കില്ലാത്ത വ്യക്തിപ്രഭാവം എന്നു പൊതുവെ അതിനെ വിശേഷിപ്പിക്കാം. രൂപഭാവങ്ങളിലുപരി ആന്തരിക ഗുണങ്ങളാണവ. ധീരത, സത്യസന്ധത, സ്വഭാവ മഹിമ, പാണ്ഡിത്യം, ദീർഘദൃഷ്ടി, സ്ഥൈര്യം എന്നിവയെല്ലാം ചേർന്ന എന്തോ ഒന്നാണത്. പക്വത, സൗമ്യഭാവം, സ്നേഹം, വിശുദ്ധി എന്നിവയും അക്കൂട്ടത്തിൽപെടുന്നു. പാരമ്പര്യം, ജീവിതപശ്ചാത്തലം, അനുഭവങ്ങൾ ഇവയെല്ലാം ചേർന്നാണ് ഒരാളുടെ വ്യക്തിത്വത്തിന് രൂപംനൽകുന്നത്. ഈ ഗുണവിശേഷണങ്ങളുടെ അളവിൽ ഏറ്റക്കുറച്ചിലുകളുണ്ടാകും. ചിലരിൽ ചില ഗുണങ്ങൾ മികച്ചുനിൽക്കുമ്പോൾ മറ്റു ചിലരിൽ മറ്റു ചില ഗുണങ്ങളാവും പ്രകടമാവുക. തനിക്കു ചുറ്റുമുള്ള സമൂഹത്തിന് രക്ഷാബോധവും ആവേശവും ആത്മവിശ്വാസവും പകർന്നുകൊടുക്കാനും അവരെ മുന്നോട്ടുനയിക്കാനും പ്രാപ്തമാക്കുന്ന ചില വിശിഷ്ടഗുണങ്ങൾ ഓരോ നേതാവിലുമുണ്ടാകും. സാധാരണ പരിതഃസ്ഥിതികളിൽ എന്നതിലേറെ പ്രതിസന്ധികളിലാണ് ഒരു നേതൃത്വത്തിന്റെ കരുത്തും പ്രാപ്തിയും പ്രകടമാവുക. അനുയായിവൃന്ദം പകച്ചുനിൽക്കുന്ന ആപത്ഘട്ടങ്ങളിൽ പക്വമായും ആത്മവിശ്വാസത്തോടെയും മുന്നോട്ടു പോകാൻ കഴിയുന്ന വ്യക്തിയാണ് യഥാർഥ നേതാവ്. മറ്റുള്ളവർ ഭയവിഭ്രമങ്ങൾക്ക്

**മുസ്‌ലിം ഐക്യത്തിനുവേണ്ടി രംഗത്തുവന്ന മുസ്‌ലിം സൗഹൃദവേദിയുടെ രൂപീകരണത്തിലും അതിന്റെ ആഭിമുഖ്യത്തിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളിലും തങ്ങൾ സവിശേഷ താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി. മുസ്‌ലിം സമുദായത്തിലെ ഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന സുന്നി പണ്ഡിതന്മാരെ നദ്‌വത്തുൽ മുജാഹിദീൻ, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ സംഘടനകളുടെ നേതാക്കന്മാരോടൊപ്പം ഒരു വേദിയിൽ അണിനിരത്തി മുസ്‌ലിം ഐക്യശ്രമങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിൽ ശിഹാബ് തങ്ങൾ വഹിച്ച നേതൃത്വപരമായ പങ്ക് അനിഷേധ്യമാണ്.**

അടിപ്പെടുമ്പോൾ ധീരവും അചഞ്ചലവു
മായ നിലപാടെടുക്കാൻ അയാൾക്ക് കഴി
യണം. മുന്നിൽ അന്ധകാരം ഘനീഭവി
ച്ചുനിൽക്കുമ്പോഴും അകലെ വെളിച്ചം
കാണാൻ അയാൾക്ക് കഴിയേണ്ടതുണ്ട്.
ചുറ്റുമുള്ളവരിൽ പ്രത്യാശയും പ്രതീക്ഷ
യും ആത്മവിശ്വാസവും ധൈര്യവും പ
കർന്നുനൽകാൻ കഴിയുമ്പോഴേ നേതൃ
ത്വം പ്രാപ്തമാണെന്ന് പറയാനാകൂ.

പാണക്കാട് സയ്യിദ് മുഹമ്മദലി ശി
ഹാബ് തങ്ങളെക്കുറിച്ച് എഴുതാനിരിക്കു
മ്പോൾ മനസ്സിൽ തെളിഞ്ഞുവന്ന ആശ
യങ്ങളാണ് മുകളിൽ കുറിച്ചിട്ടത്. കഴി
ഞ്ഞ കാൽനൂറ്റാണ്ടുകാലമായി ഇന്ത്യൻ
യൂനിയൻ മുസ്‌ലിംലീഗിന്റെ അമരക്കാര
നായി വാഴുന്ന തങ്ങളുടെ നേതൃത്വപര
മായ കഴിവും പ്രാപ്തിയും മാറ്റുരക്കുന്ന
തായിരുന്നു പിന്നിട്ട നാളുകൾ. സമുദാ
യവും സംഘടനയും പ്രതിസന്ധികളെ
നേരിട്ട സംഭവബഹുലമായ ഇരുപത്ത
ഞ്ചു വർഷക്കാലം കാറ്റിലും കോളിലും
പെടാതെ മുന്നോട്ടുനീങ്ങാൻ കഴിഞ്ഞു
വെന്നത് ചെറിയ കാര്യമല്ല. ആഭ്യന്തര
മായും ബാഹ്യമായും കടുത്ത വെല്ലുവി
ളികൾ നേരിടേണ്ടിവന്നപ്പോഴും വ്യക്ത
മായ ദിശാബോധത്തോടെ സംഘടനയെ
നയിക്കാൻ തങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.
സമുദായമാകട്ടെ, ഏറ്റവുമൊടുവിൽ
ബാബരി തകർച്ചയുടെ ദുരന്തം വരെ
എത്തിയ അതിസങ്കീർണമായ സാഹച
ര്യത്തിലൂടെയാണ് കടന്നുപോന്നത്. മു
സ്‌ലിം സമൂഹത്തിൽ തീവ്രവാദം തല
പൊക്കാനിടയായ കടുത്ത പ്രതിസന്ധി
ഘട്ടത്തിലും പക്വമായും സമചിത്തത
യോടെയും തന്റെ സംഘടനയെ മുന്നോ
ട്ടു കൊണ്ടുപോകാൻ സാധിച്ചുവെന്നതാ
ണ് സയ്യിദ് മുഹമ്മദലി ശിഹാബിന്റെ മഹ
ത്വം. ഒരിക്കലും അപക്വമായ ഒരു വാക്കും
അദ്ദേഹത്തിന്റെ നാവിൽനിന്നുതിർന്നില്ല.
വളരെ കുറച്ചേ അദ്ദേഹം സംസാരിച്ചു
ള്ളൂ. അളന്ന് മുറിച്ച വാക്കുകളായിരുന്നു
അവ.

എതിരാളികൾ തന്നെ തേജോവധം
ചെയ്യാനൊരുമ്പെട്ടപ്പോഴും അപവാദ
ങ്ങൾ പറഞ്ഞുപരത്തിയപ്പോഴും എല്ലാ
പ്രതികരണവും ഒരു ചെറുപുഞ്ചിരിയിൽ
ഒതുക്കി മൗനം പാലിക്കുകയാണദ്ദേഹം
ചെയ്തത്. മുസ്‌ലിം ലീഗ് കടുത്ത പ്രതി
സന്ധിയെ നേരിട്ട സന്ദർഭങ്ങളിൽ സന്ദർ
ഭത്തിനൊത്തുയർന്ന് അതിനെ നയി
ക്കാനും സഹപ്രവർത്തകരെ ഒരുമിച്ചു
നിർത്താനും തങ്ങൾ കാണിച്ച മിടുക്ക് ച
രിത്രത്തിന്റെ ഭാഗമാണിന്ന്.

സമുദായത്തിലെ ഒരു സംഘടന
യുടെ നേതാവ് എന്നതായിരുന്നില്ല തങ്ങ
ളുടെ നിലപാട്. സമുദായത്തിന്റെതന്നെ
നേതാവ് എന്ന നിലക്കാണ് അദ്ദേഹം
ഓരോ ചുവടും മുന്നോട്ടുവെച്ചത്. സമു
ദായം പ്രതിസന്ധികളെ അഭിമുഖീകരിച്ച
പ്പോൾ വ്യക്തമായ ദിശാബോധത്തോടെ
മാർഗനിർദേശം നൽകാൻ അദ്ദേഹം മു
ന്നോട്ടുവരികയുണ്ടായി. മുസ്‌ലിം ഐക്യ
ത്തിനുവേണ്ടി നടത്തപ്പെട്ട ശ്രമങ്ങളിൽ
മുസ്‌ലിം ലീഗും അതിന്റെ നേതാവ് എന്ന
നിലക്ക് സയ്യിദ് മുഹമ്മദലി ശിഹാബും
വഹിച്ച പങ്ക് അഭിനന്ദനാർഹമാണ്. ഏറ്റ
വുമൊടുവിൽ മുസ്‌ലിം ഐക്യത്തിനു
വേണ്ടി രംഗത്തുവന്ന മുസ്‌ലിം സൗഹൃ
ദവേദിയുടെ രൂപീകരണത്തിലും അതി
ന്റെ ആഭിമുഖ്യത്തിൽ നാളിതുവരെ
നടന്ന പ്രവർത്തനങ്ങളിലും തങ്ങൾ സവി
ശേഷതാൽപര്യം പ്രകടിപ്പിക്കുകയുണ്ടാ
യി. മുസ്‌ലിം സമുദായത്തിലെ ഭൂരിപ
ക്ഷത്തെ പ്രതിനിധീകരിക്കുന്ന സുന്നി
പണ്ഡിതന്മാരെ നദ്‌വത്തുൽ മുജാഹി
ദീൻ, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ
സംഘടനകളുടെ നേതാക്കന്മാരോ
ടൊപ്പം ഒരു വേദിയിൽ അണിനിരത്തി
മുസ്‌ലിം ഐക്യശ്രമങ്ങൾ മുന്നോട്ടു
കൊണ്ടുപോകുന്നതിൽ ശിഹാബ്
തങ്ങൾ വഹിച്ച നേതൃത്വപരമായ പങ്ക്
അനിഷേധ്യമാണ്.

ഒരുവേള സയ്യിദ് മുഹമ്മദലി
ശിഹാബ് സവിശേഷതാൽപര്യം കാണി
ച്ചിരുന്നില്ലെങ്കിൽ സൗഹൃദവേദിയുടെ
ശ്രമങ്ങൾ ഇന്നത്തെ അവസ്ഥയിലെത്തു
മായിരുന്നോ എന്ന് സംശയമാണ്. വിശേ
ഷിച്ചും മാസപ്പിറവിയുമായി ബന്ധപ്പെട്ട
പ്രശ്നങ്ങളിൽ. കർമശാസ്ത്രപരമായി
ഭിന്ന വീക്ഷണങ്ങൾ പുലർത്തുന്ന
സംഘടനാ പ്രതിനിധികളെ ഒരുമിച്ചി
രുത്തി പ്രശ്നം ചർച്ചചെയ്യാനും സാധ്യ
മാവുന്നത്ര അടുപ്പിക്കാനും ശിഹാബ്
തങ്ങൾ വ്യക്തിപരമായിത്തന്നെ താൽ
ര്യമെടുക്കുകയുണ്ടായി.

കേരളത്തിൽ മതസൗഹാർദം ഊട്ട
യുറപ്പിക്കുന്നതിൽ മുസ്‌ലിം ലീഗ് എന്നു
സവിശേഷമായ പങ്കാണ് നിർവഹിച്ച
പോന്നത്. ഒരു സമുദായ സംഘടനയെ
ങ്കിലും നാനാത്വത്തിൽ ഏകത്വം എന്ന
സെക്യുലർ നിലപാട് ഉയർത്തിപ്പിടിക്ക
ന്നതിൽ മുസ്‌ലിം ലീഗും അതിന്റെ അ
രക്കാരനും മുൻപന്തിയിൽതന്നെയുണ്ട
യിരുന്നു. മലപ്പുറം ജില്ലാ രൂപീക
ണത്തെ മിനി പാകിസ്താൻ എന്നു വിള
ച്ചാക്ഷേപിക്കുകയും അതിനെതിരി
കോലാഹലം കൂട്ടുകയും ചെയ്തവരെ
തീർത്തും ഇളിഭ്യരാക്കുന്ന അനുഭവമാണ്
പിന്നീടുണ്ടായത്. കേരളത്തിൽ തെക്കും
വടക്കും മാറിമാറി വർഗീയ കലാപങ്ങളും
രാഷ്ട്രീയ സംഘർഷങ്ങളും അരങ്ങേറി
യപ്പോഴും മലപ്പുറം ജില്ല മതസൗഹാർദ
ത്തിന്റെ മക്കയായി ജ്വലിച്ചുനിന്നതാണ്
നാം കണ്ടത്. കേരളത്തിലുടനീളം
മതസൗഹാർദം നിലനിർത്തുന്നതിൽ
ശിഹാബ് തങ്ങളും ലീഗും വഹിച്ച പങ്ക്
നിർവിവാദമത്രെ.

സമുദായ സംഘടന എന്നതില
പരി ഒരു രാഷ്ട്രീയ സംഘടന കൂടിയാ
ണല്ലോ മുസ്‌ലിം ലീഗ്. ഒരു സെക്യുലർ
ഘടനയിൽ മതേതര രാഷ്ട്രീയ സംഘ
ടനയുടെ അമരക്കാരനായി നിലകൊള്ളു
മ്പോഴും ഇസ്‌ലാമിനെയും ഇസ്‌ലാമിക
മൂല്യങ്ങളെയും ഉയർത്തിപ്പിടിക്കുന്നതിൽ
അസ്ഹറിൽനിന്ന് ബിരുദമെടുത്ത ആ
പണ്ഡിതൻ മുന്നിൽതന്നെയുണ്ടായിരു
ന്നു. കഴിഞ്ഞ ഇരുപത്തഞ്ചുവർഷക്കാ
ലത്തെ അദ്ദേഹത്തിന്റെ പൊതു പ്രസം
ഗങ്ങളും പത്രമാധ്യമങ്ങളിൽ അദ്ദേഹം
എഴുതിയ ലേഖനങ്ങളും ശ്രദ്ധിച്ചാൽ
അത് ബോധ്യമാവും.

ജമാഅത്തെ ഇസ്‌ലാമിയും
മുസ്‌ലിം ലീഗും തമ്മിൽ പലപ്പോഴും ഇട
യേണ്ടിവന്നിട്ടുണ്ട്. പക്ഷേ, അതൊന്നും
വ്യക്തിപരമായ ബന്ധങ്ങൾക്ക് ഒരു പോറ
ലുമേൽപിച്ചില്ല എന്നതാണ് സത്യം.
സയ്യിദ് മുഹമ്മദലി ശിഹാബുമായി കൂടു
തൽ അടുക്കാനിടയായത് ഈ അടുത്ത
കാലത്താണ്. ആശയപരമായ ഭിന്നത
നിലനിൽക്കെത്തന്നെ വ്യക്തിപരമായി
അദ്ദേഹം പ്രകടിപ്പിക്കുന്ന വിനയവും
ആദരവും സവിശേഷം എടുത്തുപറയേ
ണ്ടതുണ്ട്. ■

(റഹീം മേച്ചേരി എഡിറ്റ് ചെയ്ത *കർമ
വീഥിയിൽ കാൽനൂറ്റാണ്ട്* എന്ന ഉപഹാര
ഗ്രന്ഥത്തിൽനിന്ന്)


## വൈവാഹികം

തന്റേതല്ലാത്ത കാരണത്താൽ വിവാഹമോ
ചിത (24/5'4"). സൗന്ദര്യം. രണ്ടര വയസ്സുള്ള
ഒരാൺകുട്ടിയുണ്ട്. ബാധ്യത ഏൽക്കേണ്ട
തില്ല. പ്രസ്ഥാന അനുഭാവമുള്ള കുലീന
കുടുംബം. പ്രസ്ഥാന സ്ഥാപനത്തിൽനിന്ന്
വിദ്യാഭ്യാസവും അഫ്ദലുൽ ഉലമയും.
ദീനീനിഷ്ഠയും വിദ്യാഭ്യാസവും ജോലിയു
മുള്ള വരനെ തേടുന്നു. മലപ്പുറം, തൃശൂർ
ജില്ലകളുടെ അതിർത്തി പ്രദേശം.
Ph: 0494- 2670432, 9847651492

ഒ. അബ്ദുർറഹ്മാൻ

# മുസ്‌ലിം ലീഗ് മുഹമ്മദലി ശിഹാബ് തങ്ങൾക്കു ശേഷം

1975 സെപ്റ്റംബർ ഒന്നു മുതൽ മൂന്നര പതിറ്റാണ്ട് കാലം ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് സംസ്ഥാന ഘടകത്തിന്റെ പ്രസിഡന്റും ഫലത്തിൽ സംഘടനയുടെ മുഖ്യ ചാലകശക്തിയുമായി പരിലസിച്ച പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബിന്റെ നിര്യാണത്തോടെ മുസ്‌ലിം സാമുദായിക രാഷ്ട്രീയവും മുസ്‌ലിം ലീഗും നിർണായക വഴിത്തിരിവിലാണ് എത്തിനിൽക്കുന്നത്. ആദർശമോ തത്ത്വങ്ങളോ നയപരിപാടികളോ എന്തായിരുന്നാലും നേതാക്കളുടെ വ്യക്തിത്വവും നേതൃപാടവവുമാണ് സംഘടനകളെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നതെന്നത് അനുഭവ സത്യമാണ്. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, കെ.എം സീതി സാഹിബ്, ബി. പോക്കർ സാഹിബ് തുടങ്ങിയവരുടെ ബൗദ്ധികമാർഗദർശനവും സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങളുടെ പ്രായോഗിക നേതൃത്വവും ഇല്ലായിരുന്നെങ്കിൽ വിഭജനാനന്തര സാഹചര്യങ്ങളിൽ മുസ്‌ലിം ലീഗ് പുനർജനിക്കുകയോ മലബാറിന്റെയും തുടർന്ന് കേരളത്തിന്റെയും രാഷ്ട്രീയ ഗതി നിർണയിക്കുന്ന ബഹുജന പ്രസ്ഥാനമായി വളരുകയോ ചെയ്യുമായിരുന്നില്ല. 1972-ൽ അബ്ദുർറഹ്മാൻ ബാഫഖി തങ്ങളുടെ നിര്യാണത്തെത്തുടർന്ന് മുസ്‌ലിം ലീഗിന്റെ സംസ്ഥാന സാരഥിയായി അവരോധിതനായ പാണക്കാട് പി.എം.എസ്.എ പൂക്കോയ തങ്ങളുടെ ആത്മീയരംഗത്തെ ജനസമ്മതിയോടൊപ്പം സി.എച്ച് മുഹമ്മദ് കോയയുടെ ഉജ്വല വ്യക്തിത്വം കൂടിയാണ് പിളർപ്പിന്റെ ക്ഷീണം മറികടന്ന് സംഘടനയെ കരുത്തോടെ നിലനിർത്തിയത്. പൂക്കോയ തങ്ങളുടെ തിരോധാനത്തോടെ മുസ്‌ലിം ലീഗിനെ നയിക്കുകയെന്ന കനത്ത ഉത്തരവാദിത്വം ചുമലിലേറ്റേണ്ടിവന്ന യുവാവായ സയ്യിദ് മുഹമ്മദലി ശിഹാബിന് സി.എച്ചിന്റെ താങ്ങും തണലും ധൈര്യം പകർന്നിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ പ്രതിസന്ധികളെ അവധാനപൂർവം അതിജീവിക്കാനും പാർട്ടിയിലെത്തന്നെ ഭിന്ന താൽപര്യക്കാരെ ഒപ്പം നിർത്താനും പക്വമായ തീരുമാനങ്ങളെടുത്ത് നടപ്പാക്കാനും പ്രതിയോഗികളോട് പോലും സൗമ്യമായി പെരുമാറാനുമുള്ള ശിഹാബ് തങ്ങളുടെ ജന്മസിദ്ധിയാണ് സി.എച്ചിന്റെ വിയോഗാനന്തരവും അടിത്തറ തകരാതെ പാർട്ടിയെ പരിരക്ഷിച്ചതെന്ന് സമ്മതിക്കാതെ വയ്യ. സി.പി ചെറിയ മമ്മുക്കേയി, എം.കെ ഹാജി, ഉമർ ബാഫഖി തങ്ങൾ, പി.എം അബൂബക്കർ, ബാവഹാജി തുടങ്ങിയ പ്രഗത്ഭരടങ്ങുന്ന അഖിലേന്ത്യാ മുസ്‌ലിം ലീഗിനെ പതിറ്റാണ്ടിനുശേഷം മാതൃസംഘടനയിൽ ലയിപ്പിക്കാൻ ഇ.എം.എസ്സിന്റെ ശരീഅത്ത് വിരുദ്ധ നിലപാടുകളോടൊപ്പം മുഹമ്മദലി ശിഹാബിന്റെ ക്രാന്തദർശിത്വവും നിമിത്തമായിട്ടുണ്ടെന്നതാണ് ശരി. അദ്ദേഹം 'നോ' പറഞ്ഞിരുന്നെങ്കിൽ ലയനം നടക്കുമായിരുന്നില്ലെന്ന് തീർച്ച.

**2004-ലെ ലോക്സഭ, 2006-ലെ നിയമസഭ തെരഞ്ഞെടുപ്പുകളിൽ മുസ്‌ലിം ലീഗിന് കനത്ത അഘാതമേൽപിക്കുന്നതിൽ വിജയിച്ച സി.പി.എമ്മിനോട് തുല്യനാണയത്തിൽ കണക്കു തീർക്കാൻ പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ലീഗിന് സാധിച്ചതിന്റെ പിന്നിൽ സി.പി.എമ്മിലെ വിഭാഗീയതക്കും ഇടതുമുന്നണിയുടെ ഭരണപരാജയത്തോടുമൊപ്പം സയ്യിദ് മുഹമ്മദലി ശിഹാബിന്റെ വീണ്ടെടുപ്പ് യത്നങ്ങളും ഫലവത്തായ പങ്ക് വഹിച്ചിട്ടുണ്ട്.**

പുനരേകീകരണത്തിലൂടെ




ബാഫഖി തങ്ങൾ



ഇസ്മാഈൽ സാഹിബ്



കെ.എം സീതി സാഹിബ്



സേട്ടു സാഹിബ്

ശക്തി സംഭരിച്ച മുസ്‌ലിം ലീഗ് വീണ്ടും കടുത്ത വെല്ലുവിളി നേരിട്ടത് 1992 ഡിസംബർ ആറിന് ബാബരി മസ്ജിദ് ഫാഷിസ്റ്റ് ശക്തികളാൽ തകർക്കപ്പെട്ടതിനെത്തുടർന്ന് രാജ്യത്ത് സംജാതമായ വർഗീയ ധ്രുവീകരണ സാഹചര്യങ്ങളിലായിരുന്നു. കോൺഗ്രസ്സുകാരനായ പി.വി നരസിംഹറാവു പ്രധാനമന്ത്രി പദത്തിലിരിക്കെ മതേതരത്വത്തിന്റെ അടിത്തറ വെല്ലുവിളിക്കപ്പെട്ടത് കോൺഗ്രസ്സ് വിരുദ്ധ വികാരം മുസ്‌ലിം ന്യൂനപക്ഷത്തിലാകെ പടരാൻ ഇടവരുത്തി. ഐ.യു.എം.എല്ലിന്റെ അഖിലേന്ത്യാ പ്രസിഡന്റ് ഇബ്‌റാഹീം സുലൈമാൻ സേട്ട് പൊതുവായ മുസ്‌ലിം വികാരത്തോടൊപ്പം നിന്ന്, ബാബരിധ്വംസനത്തിൽ പ്രതിഷേധിച്ച് മുസ്‌ലിം ലീഗ് യു.ഡി.എഫ് സർക്കാറിൽനിന്ന് പിന്മാറണമെന്ന് ശഠിച്ചു. അതേസമയം, ബാബരിധ്വംസനത്തിൽ പ്രതിഷേധിക്കാം; എന്നാൽ മുന്നണിയും സർക്കാറും വിടുന്നത് നഷ്ടക്കച്ചവടമാണെന്ന കാഴ്ചപ്പാടായിരുന്നു കേരള ലീഗ് നേതാക്കളിൽ അധികപേർക്കും. ബാബരിമസ്ജിദ് ദുരന്തത്തിൽ പ്രതിഷേധിച്ച് മുസ്‌ലിം കേരളം ശിഹാബ് തങ്ങളുടെ ആഹ്വാനം കൂടാതെത്തന്നെ സമ്പൂർണ ഹർത്താലാചരിച്ചത് മുസ്‌ലിം ലീഗിനെ അക്ഷരാർഥത്തിൽ അമ്പരപ്പിക്കുകയും ചെയ്തു. ഹർത്താൽ സമാധാനപൂർണമായിരുന്നു. എന്നാൽ അന്തരീക്ഷം രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ കേരളത്തിലും കലുഷമാവാതിരുന്നില്ല. അഖിലേന്ത്യാ പ്രസിഡന്റിനെതിരെ പ്രത്യക്ഷത്തിൽ നിലപാടെടുക്കാതെയും മുസ്‌ലിം വികാരത്തെ പരിധിക്കപ്പുറം അലോസരപ്പെടുത്താതെയും മുന്നണിയിലും സർക്കാറിലുമുള്ള മുസ്‌ലിം ലീഗിന്റെ പങ്കാളിത്തം തുടരുകയെന്ന ശ്രമകരമായ ദൗത്യമാണ് ശിഹാബ് തങ്ങൾക്ക് നിറവേറ്റേണ്ടിവന്നത്. അതദ്ദേഹം മെയ്‌വഴക്കത്തോടെ നിറവേറ്റുകയും

**ബാബരിമസ്ജിദ് ദുരന്തത്തിൽ പ്രതിഷേധിച്ച് മുസ്‌ലിം കേരളം ശിഹാബ് തങ്ങളുടെ ആഹ്വാനം കൂടാതെത്തന്നെ സമ്പൂർണ ഹർത്താലാചരിച്ചത് മുസ്‌ലിം ലീഗിനെ അക്ഷരാർഥത്തിൽ അമ്പരപ്പിച്ചു. ഹർത്താൽ സമാധാനപൂർണമായിരുന്നു. എന്നാൽ അന്തരീക്ഷം രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ കേരളത്തിലും കലുഷമാവാതിരുന്നില്ല.**

ചെയ്തു. എന്നാൽ ബാബരിദുരന്തത്തെത്തുടർന്ന് കേരളമാകെ കത്തിയാളാൻ പോവുകയായിരുന്നു, ശിഹാബ് തങ്ങളും മുസ്‌ലിം ലീഗുമാണത് തല്ലിക്കെടുത്തിയത് എന്ന ശൈലിയിലുള്ള പ്രചാരണം ഏറിയ കൂറും രാഷ്ട്രീയപരമാണ്. അബ്ദുന്നാസിർ മഅ്ദനിയുടെ ഐ.എസ്.എസ് ഒഴികെ ഒരു മുസ്‌ലിം സംഘടനയും സംഭവത്തോട് അതിവൈകാരികമായി പ്രതികരിച്ചിരുന്നില്ല. എൻ.ഡി.എഫ് അന്ന് ഔപചാരികമായി നിലവിലില്ലായിരുന്നു താനും. പ്രതിഷേധം തീർത്തും സമാധാനപരമാവണമെന്ന് നിഷ്കർഷിച്ച ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെ നരസിംഹറാവു സർക്കാർ ഡിസംബർ 11ന് അകാരണമായി നിരോധിച്ചുവെങ്കിലും 1993-ൽ രാജ്യത്തെ പ്രമുഖ നീതിന്യായ പ്രതിഭകളെയും മനുഷ്യാവകാശ പ്രവർത്തകരെയും ഉൾപ്പെടുത്തി ഫോറം ഫോർ ഡെമോക്രസി ആന്റ് കമ്യൂണൽ അമിറ്റി (എഫ്.ഡി.സി.എ) രൂപവത്കരിക്കാൻ മുൻകൈയെടുത്തത് ജമാഅത്താണ്. രാജ്യത്ത് സാമുദായിക മൈത്രി ശക്തിപ്പെടുത്തുന്നതിൽ ജസ്റ്റിസ് താർക്കുണ്ഡെ അധ്യക്ഷനായ എഫ്.ഡി.സി.എ ക്രിയാത്മക പങ്ക് വഹിക്കുകയും ചെയ്തു.


അതേസമയം, കേരളത്തിൽ വർഗീയ കലാപങ്ങളോ കടുത്ത സംഘർഷങ്ങളോ ഉണ്ടായില്ലെങ്കിലും തൊണ്ണൂറുകളിൽ നാമ്പെടുത്ത ആത്യന്തിക വൈകാരിക പ്രവണതകൾ ഇന്നും നിലനിൽക്കുന്നു എന്ന് ചൂണ്ടിക്കാട്ടിയേ തീരൂ. മുസ്‌ലിം ലീഗിലൂടെയും മുഖ്യധാരാ സംഘടനകളിലൂടെയും സാമുദായിക ശാക്തീകരണമോ ഫാഷിസത്തിനെതിരായ പ്രതിരോധമോ സാധ്യമല്ലെന്ന് വിശ്വസിക്കുന്ന ഒരു വിഭാഗമാണ് ഇതിനു പിന്നിൽ. അവരുമായി പ്രത്യക്ഷത്തിൽ അകലം പാലിച്ച ലീഗിന് പക്ഷേ തെരഞ്ഞെടുപ്പുകളിൽ ഈ വിഭാഗവുമായി പരോക്ഷബാന്ധവം സ്ഥാപിക്കേണ്ടിവന്നിട്ടുണ്ട്. പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിലാകട്ടെ അത് മറനീക്കി പുറത്ത് വരികയും ചെയ്തു. ഇത്തരം ഇടപാടുകളിൽ പക്വമതിയായ ശിഹാബ് തങ്ങൾ എന്ത് നിലപാടെടുത്തു എന്ന് തീർത്തു പറയുക വയ്യ. എന്തായിരുന്നാലും 1991-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയുമായി യു.ഡി.എഫ് ഏർപ്പെട്ട രഹസ്യധാരണയോടെന്നപോലെ ഒടുവിലത്തെ എൻ.ഡി.എഫ് ബാന്ധവത്തോടും അദ്ദേഹം പ്രതികൂല സമീപനം സ്വീകരിച്ചിരുന്നുവെങ്കിൽ അത് നടക്കുമായിരുന്നില്ല എന്ന് കരുതാനാണ് ന്യായം. 1959-ൽ വിമോചന സമരത്തിൽ മുസ്‌ലിം ലീഗിനെ പങ്കാളിയാക്കിയ സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾ, വർധിത വീര്യത്തോടെ കോൺഗ്രസ്സിന്റെ കൊലച്ചതിയിൽ പ്രതിഷേധിച്ച് 1967-ൽ പരസ്യമായി ഇ.എം.എസ്സിന്റെ സപ്തകക്ഷി മുന്നണിയിൽ ചേരാൻ കാണിച്ച ആർജവം അദ്ദേഹത്തിന്റെ പിൻഗാമികളുടെ രാഷ്ട്രീയ കൂട്ടുകെട്ടുകളിൽ ഉണ്ടായില്ലെന്ന് നിരീക്ഷിക്കാതെ വയ്യ. എങ്കിലും പിൽക്കാലത്ത് മുസ്‌ലിം ലീഗിനെ സി.പി.എം പാളയത്തിലേക്ക് കൊണ്ടുപോവാൻ നേതൃതലത്തിൽതന്നെ ശ്രമ



പി.എം.എസ്.എ



സി.എച്ച് മുഹമ്മദ് കോയ



ഹൈദറലി ശിഹാബ് തങ്ങൾ

ങ്ങളുണ്ടായപ്പോൾ താൻ ഇടപെട്ട് വിലക്കിയ സംഭവം *ഭാഷാപോഷിണി* (2005)ക്ക് നൽകിയ മുഖാമുഖത്തിൽ ശിഹാബ് തങ്ങൾ അനുസ്മരിച്ചിട്ടുണ്ട്. സി.പി.എമ്മിനെ വിശ്വസിക്കാൻ കൊള്ളാത്ത പാർട്ടിയായിട്ടാണ് അദ്ദേഹം കണ്ടത്. മുസ്‌ലിം ലീഗുമായി ഒരു ബന്ധവും വേണ്ടെന്ന സി.പി.എമ്മിന്റെ തീരുമാനവും ഇരു പാർട്ടികളുടെ ശത്രുതാപരമായ സമീപനത്തിന് നിമിത്തമായിരിക്കണം. ലീഗിന്റെ പിടിയിൽനിന്ന് മുസ്‌ലിം സമുദായത്തെ മുക്തരാക്കി മലപ്പുറത്തെ ചുകപ്പിക്കുക എന്ന അജണ്ട സി.പി.എം സ്വീകരിച്ചിരിക്കെ പരമാവധി പ്രതിരോധിക്കാതിരിക്കാൻ ലീഗിന് ആവില്ലല്ലോ. 2004-ലെ ലോക്സഭ, 2006-ലെ നിയമസഭ തെരഞ്ഞെടുപ്പുകളിൽ മുസ്‌ലിം ലീഗിന് കനത്ത അഘാതമേൽപിക്കുന്നതിൽ വിജയിച്ച സി.പി.എമ്മിനോട് തുല്യനാണയത്തിൽ കണക്കു തീർക്കാൻ പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ലീഗിന് സാധിച്ചതിന്റെ പിന്നിൽ സി.പി.എമ്മിലെ വിഭാഗീയതക്കും ഇടതുമുന്നണിയുടെ ഭരണപരാജയത്തോടുമൊപ്പം സയ്യിദ് മുഹമ്മദലി ശിഹാബിന്റെ വീണ്ടെടുപ്പ് യത്നങ്ങളും ഫലവത്തായ പങ്ക് വഹിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് വിജയം നൽകിയ ആത്മവിശ്വാസത്തിൽ ലീഗ് തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പും തുടർന്ന് നിയമസഭാ തെരഞ്ഞെടുപ്പും ലാക്കാക്കി മുന്നോട്ടു കുതിക്കാൻ തയാറെടുക്കവെയാണ് സുസമ്മതനായ സാരഥിയുടെ വേർപാട് സംഭവിച്ചിരിക്കുന്നത്. മണിക്കൂറുകൾക്കകം ഹൈദറലി ശിഹാബിലൂടെ കൊടപ്പനക്കൽ തറവാട്ടിൽ നിന്നുതന്നെ പിൻഗാമിയെ കണ്ടെത്താൻ സാധിച്ച മുസ്‌ലിം ലീഗ് ആത്മീയ-രാഷ്ട്രീയ നേതൃസമന്വയ പാതയിലൂടെ തന്നെ പ്രയാണം തുടരാൻ തീരുമാനിച്ചു എന്ന് വ്യക്തമാണ്.

പക്ഷേ, മലപ്പുറത്തെയും മലബാറിലെയും മുസ്‌ലിം യുവതലമുറ ഈ സാമ്പ്രദായികതയോട് എങ്ങനെയാവും പ്രതികരിക്കുക? മീഡിയ കൂടി പങ്കാളിയായി വിഗ്രഹവത്കരണത്തോളം വളർന്ന മുഹമ്മദലി ശിഹാബ് തങ്ങളുടെ വ്യക്തിത്വം അനന്തരമെടുക്കാൻ സഹോദരൻ ഹൈദറലിയെ വിധി എത്രത്തോളം തുണക്കും? കാലമാണ് ഈ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടത്. ഈ സന്ദർഭത്തിൽ ചില യുവാക്കളെ മുന്നിൽ നിർത്തി മുസ്‌ലിം ലീഗിനെ തീവ്ര മതേതരവത്കരിക്കാൻ നടക്കുന്ന ശ്രമങ്ങളെ ആദർശപ്രതിബദ്ധത കളഞ്ഞുകുളിക്കാതെ രാഷ്ട്രീയം പയറ്റിയ വിവേകശാലിയായ നേതാവിന്റെ കാലശേഷം പാർട്ടി നേതൃത്വം എങ്ങനെയാവും നേരിടുക എന്നും കാത്തിരുന്നു കാണാം. മതനിരപേക്ഷ ജനാധിപത്യ ക്രമത്തോട് കണിശമായ ആഭിമുഖ്യം പുലർത്തിയപ്പോഴും അൽ അസ്ഹർ യൂനിവേഴ്സിറ്റിയുടെ സന്തതിയായ സയ്യിദ് മുഹമ്മദലി ശിഹാബ് ഇസ്‌ലാമിനെക്കുറിച്ച തന്റെ കാഴ്ചപ്പാട് വളച്ചുകെട്ടില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്:

"മനുഷ്യന്റെ വ്യക്തി-സാമൂഹിക ജീവിതത്തിൽ നിഖില മേഖലകളെയും സ്പർശിക്കുന്നതാണ് ഇസ്‌ലാം. ജീവിതയാത്രയുടെ ഒരു സന്ധിയിലും ശങ്കിച്ചു നിൽക്കേണ്ടതില്ലാത്തവിധം ഇസ്‌ലാം എന്ന സമഗ്രപദ്ധതി വിശ്വാസിക്ക് വഴികാട്ടുന്നു. ആരാധനയിലും ആചാരാനുഷ്ഠാനങ്ങളിലും വ്യക്തിയുടെ ദൈനംദിന ദാമ്പത്യത്തിന്റെ സ്വകാര്യതയിലും കുടുംബ-സാമൂഹികബന്ധങ്ങളിലും വിനിമയങ്ങളിലും സമ്പത്തിന്റെ ശേഖരണത്തിലും വ്യയത്തിലും തുടങ്ങി രാഷ്ട്രീയത്തിലും ഭരണത്തിലും വരെ പാലിക്കേണ്ട നീതിശാസ്ത്രവും രീതിമര്യാദകളും വ്യവസ്ഥ ചെയ്തിരിക്കുന്ന ഇസ്‌ലാമിനെ ഓരോ കർമത്തിലും മുൻനിർത്തിയാൽ ജീവിതവിശുദ്ധിയും വിജയവും കൈവരിക്കാനാകും. ഇസ്‌ലാം എന്ന സമ്പൂർണ തത്ത്വസംഹിത സമസ്തകാലത്തിനും സമസ്ത സമൂഹത്തിനുമുള്ള സന്ദേശവും തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലിനുമതീതവുമാണ്. ഭൗതിക, പാരത്രിക വിജയത്തിന്റെ സിദ്ധാന്തവും പ്രയോഗവുമായ ഇസ്‌ലാം മനുഷ്യനന്മയെന്ന മഹാലക്ഷ്യവുമായി ലോകത്തിനു വെളിച്ചം പകരുന്നു.

അധർമം നിർമാർജനം ചെയ്യാനും ധർമം സംസ്ഥാപിക്കാനും നിയോഗിക്കപ്പെട്ട ആദംനബി മുതൽ മുഹമ്മദ് നബി വരെയുള്ള പ്രവാചകന്മാരുടെ ദൗത്യം ദൈവിക സന്ദേശം മനുഷ്യകുലത്തിനു പകരുകയായിരുന്നു. ഓരോ കാലത്തിനും ജനതക്കുമായി പ്രവാചകന്മാർ വന്നുവെങ്കിലും അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യുടെ നിയോഗം കാലദേശാതിവർത്തിയായ സമൂഹപുനരുദ്ധാരണവും സന്മാർഗദർശനവുമാണ്.

കിടമത്സരത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും കാലുഷ്യവും മദ്യവും ചൂതാട്ടവും അടിമവൃത്തിയും അനാചാരങ്ങളും നിറഞ്ഞ ഒരു കറുത്തകാലത്തിന്റെ നടുവിലേക്കാണ് ഖുർആന്റെ വെളിച്ചവുമായി പ്രവാചകൻ കടന്നുവന്നത്. ഭൗതികലഹരിയിൽ കുഴഞ്ഞാടുന്ന ജീവിതത്തിനപ്പുറം ലക്ഷ്യമേതുമില്ലാത്ത ആ സമൂഹത്തിൽ ഖുർആന്റെ ജ്വാലകൾ മിന്നിയപ്പോൾ ദൈവവിശ്വാസത്തിന്റെ മഹത്വം മനസ്സിൽ തട്ടിയവർ നന്മയുടെ വിളികേട്ടുണർന്നു. അറേബ്യയുടെ കറുത്തയുഗത്തിനുമീതെ ഇസ്‌ലാം കനിവിന്റെ സൂര്യശോഭ ചൊരിഞ്ഞു. സ്നേഹത്തിലും സാഹോദര്യത്തിലും വാർത്തെടുത്ത സാമൂഹികഭദ്രതയിൽ നന്മയുടെ പൂക്കൾവിരിഞ്ഞു. ചരിത്രത്തിലെ ഈ മഹാവിപ്ലവം ഇസ്‌ലാമിലേക്ക് സർവലോകത്തിന്റെയും കണ്ണുതുറപ്പിച്ചു" (*മാതൃഭൂമി* റമദാൻ സപ്ലിമെന്റ്, 1995. ഉദ്ധരണം: 'മതം, സമൂഹം, സംസ്കാരം' - സയ്യിദ് മുഹമ്മദലി ശിഹാബ്, പേജ് 89, 90, ഒലീവ് പബ്ലിക്കേഷൻസ്).

ആധുനികയുഗത്തിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മുന്നോട്ടുവെച്ച ആശയങ്ങളെ സ്വാംശീകരിക്കാൻ പണ്ഡിതനായ ശിഹാബ് തങ്ങൾക്ക് തന്റെ പാർട്ടിയുടെ മതേതര പ്രതിഛായ തടസ്സമായില്ലെന്നത് മുസ്‌ലിം ലീഗിനെ 'മതരാഷ്ട്രവാദികളുടെ മസ്തിഷ്ക പ്രക്ഷാളനത്തിൽ നിന്ന് മോചിപ്പിക്കാൻ' പ്രതിജ്ഞയെടുത്തവർക്ക് സൗകര്യപൂർവം മറക്കാം. പക്ഷേ, ഒരാദർശ സമുദായത്തിന്റെയും സമുദായ സംഘടനയുടെയും ഭൂമിക നിശ്ചയമായും ശിഹാബ് തങ്ങൾ വരഞ്ഞുകാണിച്ചതാണെന്ന് അംഗീകരിക്കാൻ തയാറുള്ളവരാണ് ലീഗിനെ നയിക്കുന്നതെങ്കിൽ പ്രത്യയശാസ്ത്ര വെല്ലുവിളികളെ നേരിടാൻ അതവർക്ക് കരുത്തേകും. ■